# നമ്മുടെ എല്ലാ പരിമിതികൾക്കുമപ്പുറം കർത്താവു നമ്മെ സ്നേഹിക്കുന്നു

സാക് പുന്നൻ

WFTW 05 ഏപ്രിൽ 2017

ഉത്തമഗീതം 1:4ൽ, മണവാട്ടി അവളുടെ പ്രിയനെ, 'എൻറെ രാജാവ്' എന്നു വിളിക്കുന്നതായി നാം കാണുന്നു. യേശുവിനെ നമ്മുടെ കാന്തനായി അറിയുന്നതിനു മുമ്പേ അവിടുത്തെ നമ്മുടെ രാജാവായി നാം അറിയേണ്ടിയിരിക്കുന്നു. മിക്ക ക്രിസ്ത്യാനികളും, കർത്താവുമായി ഒരു സ്നേഹബന്ധത്തിൽ പ്രവേശിച്ചിട്ടില്ല, കാരണം അവർ അവിടുത്തെ കർത്താവും തങ്ങളുടെ മുഴുവൻ ജീവിതങ്ങളുടെയും മേൽ രാജാവുമായി അറിഞ്ഞിട്ടില്ല. അവരുടെ ജീവിതങ്ങളിലെ ചില മേഖലകൾ ഇപ്പോഴും കീഴടക്കികൊടുത്തിട്ടില്ലാത്തവയാണ്.

ഉത്തമഗീതം 1:5 ൽ 'യെരുശലേം പുത്രിമാർ' അല്ലെങ്കിൽ 'യെരുശലേമിലെ സ്ത്രീകളെ'ക്കുറിച്ചു നാം വായിക്കുന്നു. ഈ പദപ്രയോഗം സൂചിപ്പിക്കുന്നത് കർത്താവിനെ തങ്ങളുടെ മുഴുവൻ ഹൃദയം കൊണ്ടും സ്നേഹിക്കാതെ, പാതിമനസ്സോടുകൂടിയ വിശ്വാസികളെയാണ്. അവരാണ് ക്രിസ്തുവിനോടുള്ള വ്യക്തിപരമായ സമർപ്പണത്താലല്ലാതെ, തങ്ങളുടെ 'ക്രിസ്തീയ' ശുശ്രൂഷകളാൽ പിടിക്കപ്പെട്ടിരിക്കുന്നവർ പ്രസംഗം, അദ്ധ്യാപനം, ബൈബിൾ പഠനം മുതലായവ. അവർ പാപത്തിൽ ജീവിക്കുന്നില്ല. എന്നാൽ അവർ കർത്താവിനെ തീക്ഷ്ണമായി സ്നേഹിക്കുന്നുമില്ല. ഒരു കാന്തയുടെ ഹൃദയമുള്ളവരെയാണ് കർത്താവ് അന്വേഷിക്കുന്നത്, അവർ അവിടുത്തേക്കു വേണ്ടി സമർപ്പിക്കപ്പെട്ടവരും അവരുടെ ശുശ്രൂഷ അത്തരത്തിൽ സ്നേഹമുള്ള ഒരു ഹൃദയത്തിൽ നിന്നു വരുന്നതുമായിരിക്കും.

മണവാട്ടി ഈ സ്ത്രീകളോടു പറഞ്ഞു, 'ഞാൻ കറുത്തവൾ എങ്കിലും അഴകുള്ളവളാണ് ' ( ഉത്തമഗീതം 1:5). അവൾ അനാകർഷകയെങ്കിലും അവളുടെ കാന്തൻ അവളെ തിരഞ്ഞെടുത്തിട്ടുണ്ട് എന്നാണ് അവൾ പറഞ്ഞതിൻറെ അർത്ഥം. ദൈവം ബലമുള്ളതിനെയും, മാന്യമായതിനെയും, ബുദ്ധിയുള്ളതിനെയും തിരഞ്ഞെടുക്കാതെ, ലോകത്തിൽ പ്രാഥമികമായി ദരിദ്രമായതിനെയും, ഭോഷത്വമായതിനെയും തിരഞ്ഞെടുത്തു (1കൊരി 1:2629). നമ്മിൽ ചിലർക്ക് ചിലപ്പോൾ അങ്ങനെ തോന്നിയിട്ടുണ്ടാകും, 'ഞാൻ മറ്റുള്ള വരെ പോലെ കഴിവുള്ളവനല്ല, ഞാൻ ബുദ്ധിയുള്ളവനല്ല, എനിക്ക് മറ്റുള്ളവരെ പോലെ സംസാരിക്കാൻ കഴിവില്ല. എൻറെ കഴിവുകളിൽ ഞാൻ പരിമിതിയുള്ളവനാണ്'. എന്നിട്ടും കർത്താവുനമ്മെ തിരഞ്ഞെടുത്തു!

യെതുശലേമിൽ കൂടുതൽ അഴകുള്ള സ്ത്രീകൾ ഉണ്ടായിരുന്നു. എന്നാൽ മണവാളൻ തിരഞ്ഞെടുത്തത് ഈ കറുത്തവളെയാണ്. യേശു അതാണ് ചെയ്യുന്നത്, കാരണം ഹൃദയത്തിൻറെ ഗുണവിശേഷമാണ് അവിടുന്നു നോക്കുന്നത് അല്ലാതെ പുറമെകാണുന്നതിനെയോ, വരങ്ങളെയോ, കഴിവുകളെയോ അല്ല. നാം ഇവിടെ ചില കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്. നമ്മുടെ സ്വാഭാവിക കഴിവുകൾ, കുടുംബ പശ്ചാത്തലം, നമ്മുടെ നേട്ടങ്ങൾ ഇവയൊന്നും ദൈവത്തിൻറെ മുമ്പിൽ ഒരു വിലയുമില്ലാത്തവയാണ്. അവിടുന്ന് അന്വേഷിക്കുന്നത് സമർപ്പിക്കപ്പെട്ട ഭക്തിയുള്ള ഹൃദയത്തെയാണ്. ആരെയെങ്കിലും തൻറെ ദാസനാക്കുവാൻ അവിടുന്ന് നോക്കുമ്പോൾ അവരിൽ അവിടുന്ന് അന്വേഷിക്കുന്നത് ഇതാണ്.

ഞാൻ കറുത്തവളാണെങ്കിലും തൻറെ മണവാളൻറെ ദൃഷ്ടികളിൽ അവൾ സൗന്ദര്യമുള്ളവളാണെന്ന് മണവാട്ടി അറിഞ്ഞിരുന്നു. വിവാഹിതരായ മിക്ക സ്ത്രീകളും പരിതപിക്കുന്നു കാരണം തങ്ങളുടെ ഭർത്താക്കന്മാർ വാസ്തവമായി അവരെ അംഗീകരിക്കുകയോ, അവരിൽ ആനന്ദിക്കുകയോ ചെയ്യുന്നതായി അവർക്ക് തോന്നുന്നില്ല.

ഞാൻ എൻറെ ഭാര്യയിൽ ആനന്ദിക്കുന്നു. ഭർത്താക്കന്മാരായ നിങ്ങൾ എല്ലാവരും അതു ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങൾ നിങ്ങളുടെ ഭാര്യയിൽ ആനന്ദിക്കുന്നു എന്ന് അവൾ അറിയുന്നു എന്നത് വളരെ പ്രാധാന്യമുള്ളതാണ്. അതുപോലെ തന്നെ, മിക്കവിശ്വാസികളും കാർത്താവ് അവരിൽ ആനന്ദിക്കുന്നു എന്ന് മനസ്സിലാക്കുന്നില്ല. സെഫന്യാവ് 3:17 പറയുന്നത് ' നിൻറെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിൻറെ മധ്യേ ഇരിക്കുന്നു. ഘോഷത്തോടെ അവിടുന്ന് നിന്നിൽ ആനന്ദിക്കും'. നമ്മെ അവിടുത്തെ മക്കളായി ലഭിച്ചിരിക്കുന്നതിൽ ദൈവം വളരെ സന്തോഷവാനാണ്. അതു നിങ്ങൾക്കറിയാമോ?. മനുഷ്യൻറെ കണ്ണുകളിൽ നാം വിരൂപരായിരിക്കാം, എന്നാൽ ദൈവത്തിൻറെ കണ്ണുകളിൽ നാം സൗന്ദര്യമുള്ളവരാണ്. നാം ഇത് വളരെ വ്യക്തമായി മനസ്സിലാക്കണമെന്നുള്ളത് വളരെ പ്രാധനമാണ്.

' നഗരവാസികളായ സുന്ദരികളെ നിങ്ങൾ എന്നെ തുറിച്ചുനോക്കരുത്' ( ഉത്തമഗീതം 1:6). അവൾ അപരിഷ്കൃതയായ ഒരു ഗ്രാമീണ പെൺകൊടി ആയിരുന്നു അതിനാൽ നഗരവാസികളായ പെൺകുട്ടികൾ അവളെ പുഛിച്ചു നോക്കി. എന്നാൽ മണവാളൻ, ഈ സാമർത്ഥ്യമുള്ള നഗരവാസികളായ, സുന്ദരികളെ അവഗണിച്ചിട്ട്, ആ ഗ്രാമീണ പെൺകൊടിയെ തിരഞ്ഞെടുത്തു. അങ്ങനെയാണ് കർത്താവ് നമ്മളെ തിരഞ്ഞെടുത്തത്. അതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം! മറ്റുവിശ്വാസികൾ നിങ്ങളെ പുഛിച്ചു നോക്കുന്നുണ്ടോ? നിങ്ങൾ നിരുത്സാഹപ്പെടേണ്ട, കാരണം നിങ്ങൾ നിങ്ങളുടെ കർത്താവിന് വിലയുള്ളവരാണ്! അഴുക്കുപുരണ്ട്, ജീർണ്ണിച്ച്, ഉപേക്ഷിക്കപ്പെട്ടവരായി, നിസ്സഹായരായി വഴിത്തലയ്ക്കൽ കിടന്നിരുന്ന നമ്മെ ദൈവം എപ്രകാരമാണ് പൊക്കി എടുത്തതെന്ന് വിവരിക്കുന്ന മനോഹരമായ ഒരു അദ്ധ്യായമാണ് യെഹസ്കേൽ 16.

ഉത്തമഗീതം 2:1 ൽ മണവാട്ടിപറയുന്നു, ' ഞാൻ ശാരോനിലെ വെറുമൊരു പനിനീർപൂ മാത്രമാണ്. ഞാൻ താഴ്വരയിലെ ഒരു ലില്ലി പുഷ്പം മാത്രമാണ് '. ഈ പദ പ്രയോഗങ്ങൾ (ഇടയ്ക്കു ഞാൻ പറയട്ടെ) കാന്തനെ സൂചിപ്പിക്കുന്നവയല്ല, കാന്തയെ സൂചിപ്പിക്കുന്നവയാണ്.

പല ഗാനങ്ങളിലും യേശുവിനെ പറ്റിപരാമർശിക്കുന്നത് ' ശാരോനിലെ പനിനിർ പുഷ്പവും താഴ്വരയിലെ ലില്ലി പുഷ്പവും' ആയാണ്. അത് വചന വിരുദ്ധമായ പദപ്രയോഗങ്ങളാണ്.

' ഞാൻ ശാരോനിലെ സാധാരണ ഒരു പനിനീർ പുഷ്പം മാത്രമാണ്' എന്നു പറയുന്നത് വധുവാണ്. ' ശാരോനിൽ ആയിരക്കണക്കിനു റോസ പുഷ്പങ്ങൾ ഉണ്ട് ഞാൻ അതിൽ ഒന്നു മാത്രമാണ്.' എന്നാൽ മണവാളൻ പറയന്നു, 'അതെ, അതു സത്യമായിരിക്കാം എന്നാൽ നീ മുള്ളുകളുടെ ഇടയിൽ ഉള്ള ഒരു ലില്ലിയാണ്' ( ഉത്തമഗീതം 2:2). വെളുത്ത, ആകർഷണീയരായ ആ യെരുശലേമ്യ സ്ത്രീകൾ പുറമെ കാണാൻ സൗന്ദര്യമുള്ള വരായിരുന്നു, എന്നാൽ അവർ ' മൂക്കിൽ പൊൻമൂക്കൂത്തികളോടു കൂടിയ പന്നികളെ പോലെയാണ്' (സദൃശ വാക്യം 11:22) ആകർഷകം, എന്നാൽ കർത്താവിനോടുള്ള ഭക്തിയില്ലാത്തവർ. അതു കൊണ്ട് കാന്തൻ അവരെ മുള്ളുകളോട് ഉപമിച്ചിരിക്കുന്നു. ആ മുള്ളുകളുടെ ഇടയിൽ , അവൻറെ കാന്ത ഒരു ലില്ലി പുഷ്പം പോലെയാണ്.

ഉത്തമഗീതം 5:16ൽ കാന്ത തൻറെ കാന്തനെ വർണ്ണിക്കുന്നത്, ' അവൻ സർവ്വാംഗസുന്ദരൻ, ഇവനത്രേ എൻറെ പ്രിയൻ, എൻറെ സ്നേഹഭാജനം'. യേശു നിങ്ങളുടെ രക്ഷകൻ മാത്രമല്ല, നിങ്ങളുടെ സ്നേഹിതനും കൂടെയാണ് എന്നു പറയുവാൻ നിങ്ങൾക്കു കഴിയുമോ? യേശു നിങ്ങൾക്ക് ഏറ്റവും സമീപസ്ഥനും ഏറ്റവും പ്രിയപ്പെട്ടവനുമായ സ്നേഹിതൻ ആയിരിക്കട്ടെ.